# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.728 28.09.2011 ൽ മറുപടിയ്ക്ക്

## മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച് പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ മന്ത്രി) |

| | |
|---|---|
| (എ)ഇടുക്കി ജില്ലയിൽ ഇടക്കിടെ ഉണ്ടാകുന്ന ഭൂചലനം മൂലം മുല്ലപ്പെരിയാർ ഡാമിൽ ദുരന്തം സംഭവിച്ചാലുണ്ടാകുന്ന ആഘാതങ്ങളെക്കുറിച്ച് പഠനം നടത്താൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഈ പഠനം നടത്തുവാൻ ആരെ ഏല്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; | (ബി) ഡാം ബ്രേക്ക് അനാലിസിസ് നടത്താൻ വേണ്ടി, ഐ.ഐ.റ്റി, റൂർക്കിയെ ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഈ പ്രദേശത്ത് ഭൂമാപിനികൾ സ്ഥാപിച്ച് ഭൂചലനം സൂക്ഷ്മമായി വിശകലനം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ;<br>(ഡി) ഇതിന് ദുരന്ത നിവാരണ ഫണ്ടിൽ നിന്നും തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (സി)&(ഡി) മുല്ലപ്പെരിയാർ ഡാമിന്റെ സംരക്ഷണ ചുമതല തമിഴ്നാടിനാണ്. ആയതിനാൽ, ഡാമിൽ ഭൂകമ്പമാപിനി സ്ഥാപിക്കേണ്ടത് അവരുടെ ചുമതലയാണ്.<br>ഈയിടെ ഇടുക്കിയിലുണ്ടായ ഭൂചലനത്തോടനുബന്ധിച്ച് എടുക്കേണ്ട തുടർനടപടികളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 05.08.2011 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചുകൂട്ടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഭൂചലനം സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിനായി കെ.എസ്.ഇ.ബി. യുടെ നിലവിലുള്ള |

| | |
|---|---|
| | അനലോഗ് ഭൂമാപിനികൾ ഡിജിറ്റൈസ് ചെയ്യുവാൻ തീരുമാനി ക്കുകയുണ്ടായി. ഇതിനായി ദുരന്ത നിവാരണ ഫണ്ടിൽ നിന്നും മൂന്നു കോടി രൂപ അനുവദിക്കുവാനും തീരുമാനിക്കു കയുണ്ടായി. അതനുസരിച്ച് മുല്ലപ്പെരിയാർ ഡാമും, സമീപ പ്രദേശങ്ങളിലുമായി 6 ഡിജിറ്റൽ ഭൂമാപിനി സ്ഥാപിക്കുന്നതിനായി 3 കോടി രൂപ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ